പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4165

24.10.2016-ൽ മറുപടിയ്ക്ക്.

ആഡംബര ബൈക്ക് റേസിംഗ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. പിണറായി വിജയൻ (ബഹു. മുഖ്യമന്ത്രി) |
| (എ) ആഡംബര ബൈക്കുകളിൽ മറ്റുള്ളവരുടെ ജീവനു ഭീഷണിയായി ചെറുപ്പക്കാർ അമിതവേഗത്തിൽ റേസിംഗ് നടത്തുന്നത് നഗരങ്ങളിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) സംസ്ഥാനത്ത് നഗരങ്ങളിൽ ചെറുപ്പക്കാർ അമിത വേഗത്തിൽ റേസിംഗ് നടത്തുന്നതായ ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വാഹന പരിശോധന നടത്തുന്ന എസ്.ഐ യെപ്പോലും ഇടിച്ചു തെറിപ്പിച്ച സംഭവങ്ങൾ സർക്കാർ ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ ; | (ബി) ഉണ്ട്. ഇതു സംബന്ധിച്ച് തിരുവനന്തപുരം തിരുവല്ലം പോലീസ് സ്റ്റേഷനിൽ ക്രൈം 1201/2016 (u/s 129 r/w 177 of MV Act Sec. 188, 332, 308 & 34 IPC) പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ഊർജിതമായി അന്വേഷണം നടത്തി വരുന്നുണ്ട്. |
| (സി) എങ്കിൽ പൊതുജനങ്ങളുടെ സ്വൈരജീവിതത്തിനും ജീവനും ഭീഷണിയായി വർദ്ധിച്ചുവരുന്ന ബൈക്ക് റേസിംഗ് നടത്തുന്നവരെ പിടികൂടുവാനും ശിക്ഷിക്കുവാനും കർശന നടപടി സ്വീകരിക്കുമോ ? | (സി) ഇത്തരത്തിൽ ബൈക്ക് റേസിംഗ് നടത്തുന്നവരെ കണ്ടെത്തി പിടികൂടുകയും അവർക്കെതിരെ നിലവിലുള്ള നിയമം അനുശാസിക്കുന്ന തരത്തിൽ കർശന നടപടികളും സ്വീകരിച്ചു വരുന്നു. ഇതിനു പുറമേ ഇത്തരം റേസിംഗ് നടത്താൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ പോലീസ് സാന്നിദ്ധ്യവും നിരീക്ഷണവും ശക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ